# പതിനാലാം കേരള നിയമസഭ
# പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - T 2008 — 11.02.2020-ൽ മറുപടിക്ക്

## ആൾക്കൂട്ട കൊലപാതകങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ.എം. സി. കമറുദ്ദീൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) സാംസ്കാരികമായും വിദ്യാഭ്യാസപരമായും മുൻപന്തിയിലെന്നവകാശപ്പെടുന്ന സംസ്ഥാനത്ത് ആൾക്കൂട്ട കൊലപാതകങ്ങളും സദാചാര പോലീസ് ചമഞ്ഞുള്ള കൊലപാതകങ്ങളും ദുരഭിമാന കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നതിലെ അപകടകരമായ സന്ദേശം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ; | (എ) ഇത്തരം കൊലപാതകങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരത്തിലുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഗൗരവപൂർവ്വം കണ്ട് കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ ഇക്കാര്യത്തിൽ ബോധവത്ക്കരണ സന്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) എങ്കിൽ അട്ടപ്പാടിയിലെ മധുവിന്റെ ദാരുണ കൊലപാതകത്തിനുശേഷം എന്തൊക്കെ മുൻകരുതലുകൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) ബഹു. സുപ്രീം കോടതിയിൽ ടെഹ്സീൻ എസ്.പൂനവാല ഫയൽ ചെയ്ത W.P(C) 754/16-ലെ 17/7/2018-ലെ വിധിന്യായ പ്രകാരം എല്ലാ സംസ്ഥാന സർക്കാരുകൾക്കും ആൾക്കൂട്ട കൊലപാതകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ഉത്തരവ് നൽകിയിരുന്നു. എല്ലാ ജില്ലകളിലും എസ്.പി റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥരെ നോഡൽ ഓഫീസർ ആയി നിയമിക്കാൻ എല്ലാ സംസ്ഥാന സർക്കാരുകൾക്കും നിർദ്ദേശം നൽകിയിരുന്നു. ഇത് സംബന്ധിച്ച പോലീസ് ആസ്ഥാനത്ത് നിന്നും പുറപ്പെടുവിച്ച സർക്കുലർ നം.22/2018 തീയതി 07/08/2018, സർക്കുലർ നം. 24/2018 തീയതി 05/09/2018 എന്നിവ വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുപോലെയുള്ള ഹീനമായ സംഭവങ്ങൾ നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവാതിരിക്കാൻ ജില്ലാ പോലീസ് മേധാവിമാരുടെ |

നിയന്ത്രണത്തിൽ ശക്തമായ പോലീസ് പട്രോളിംഗ് നടത്തി വരുന്നതോടൊപ്പം സംസ്ഥാന രഹസ്യാന്വേഷണ വിഭാഗവും ഇക്കാര്യത്തിന് നിതാന്ത ജാഗ്രത പുലർത്തി വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ കാരണങ്ങൾ ആരോപിച്ചുള്ള ഇത്തരം എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആൾക്കൂട്ട കൊലപാതകവുമായി ബന്ധപ്പെട്ട 2 സംഭവങ്ങളും സദാചാര പോലീസ് ചമഞ്ഞുള്ള കൊലപാതകവുമായി ബന്ധപ്പെട്ട് ഒരു സംഭവവും ദുരഭിമാനവുമായി ബന്ധപ്പെട്ട് 2 സംഭവങ്ങളും പോലീസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ